**ഇൻഫർമേഷൻ കേരള മിഷൻ**
**റ്റി സി. നം. 25/3264(1) സ്വരാജ് ഭവൻ,**
**നന്തൻകോട്, കവടിയാർ പി. ഒ തിരുവനന്തപുരം - 695 003**

**എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം**

**സാന്നിദ്ധ്യം- ഡോ. ചിത്ര എസ് ഐ എ എസ്**

**സംഗ്രഹം**

വിഷയം- ഇൻഫർമേഷൻ കേരള മിഷൻ - എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം, ഐ.കെ.എമ്മിൽ നിയമിക്കപ്പെട്ട / നിയമിക്കപ്പെടുന്ന സർക്കാർ സർവ്വീസിലെ ഉദ്യോഗസ്ഥരുടെ Delegation of Financial Power നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

Human resources (Establishment Division)

**നമ്പർ.497/ഇ1/2020/ഐ.കെ.എം** 05.11.2020

---

സൂചന:- 12.06.2020 ന് ചേർന്ന ഐ.കെ.എമ്മിന്റെ 20-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം

**ഉത്തരവ്**

20.01.2014 ലെ G.O.(MS) No.15/2014/LSGD ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ഇൻഫർമേഷൻ കേരള മിഷന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ബൈലാ റൂൾസ് & റഗുലേഷൻസ് പ്രകാരം ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധികാരവും ചുമതലകളും വ്യക്തമാക്കുന്നുണ്ടെങ്കിലും, ഐ.കെ.എമ്മിലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കീഴിൽ വരുന്ന പ്രധാന തസ്തികകൾ വഹിക്കുന്ന ഉദ്യോഗസ്ഥരുടെ അധികാരവും ചുമതലകളും വ്യക്തമാക്കിയിരുന്നില്ല.

ഈ സാഹചര്യത്തിൽ ഐ.കെ.എമ്മിൽ നിയമിക്കപ്പെട്ട / നിയമിക്കപ്പെടുന്ന സർക്കാർ സർവ്വീസിലെ ഉദ്യോഗസ്ഥരായ പ്രധാന തസ്തികകൾ വഹിക്കുന്ന കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, പർച്ചേസ് ആന്റ് സ്റ്റോഴ്സ് ഓഫീസർ എന്നിവരുടെ സർക്കാർ സർവ്വീസിലെ പദവിയിൽ അധികരിക്കാത്ത വിധം സാമ്പത്തികവും, ഭരണപരവുമായ അധികാരങ്ങളും ചുമതലകളും ആവശ്യാനുസരണം ഡെലിഗേറ്റ് ചെയ്യാൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അധികാരം നല്കുന്നതിനും, ടി ഉദ്യോഗസ്ഥരുടെ ഭരണപരവുമായ അധികാരങ്ങളും ചുമതലകളും നിശ്ചയിച്ചുകൊണ്ടുള്ള കരട് 'Delegation of Financial Powers' സൂചന പ്രകാരമുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അജണ്ടയായി അവതരിപ്പിക്കുകയും. ആയത് ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കീഴിൽ വരുന്ന പ്രധാനപ്പെട്ട തസ്തികകൾ വഹിക്കുന്ന ഉദ്യോഗസ്ഥരായ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, പർച്ചേസ് ആന്റ് സ്റ്റോഴ്സ് ഓഫീസർ എന്നിവരുടെ 'Delegation of Financial powers' അനുബന്ധപ്രകാരം നിശ്ചയിച്ച് ഉത്തരവാകുന്നു.

**ഡോ ചിത്ര എസ് ഐ എ സ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**

പകർപ്പ്

അഡ്മിനിസ്ട്രേഷൻ വിഭാഗം
ഫിനാൻസ് വിഭാഗം
പ്ലാൻ & പർച്ചേസ് വിഭാഗം

കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻറെ സി എ
എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി എ
ഫയൽ കോപ്പി